## മധുരമായ കുട്ടികളേ– സംഗമത്തിൽ സ്നേഹ സാഗരനായ ബാബ നിങ്ങൾക്ക് സ്നേഹത്തിന്റെ തന്നെ സമ്പത്താണ് നൽകുന്നത്, അതിനാൽ നിങ്ങൾ എല്ലാവർക്കും സ്നേഹം നൽകൂ, ദേഷ്യപ്പെടരുത്.

**ചോദ്യം–** തന്റെ രജിസ്റ്റർ ശരിയാക്കി വെക്കുന്നതിനായി ബാബ നിങ്ങൾക്ക് ഏതൊരു വഴിയാണ് പറഞ്ഞു തന്നിട്ടുള്ളത്?
**ഉത്തരം–** സ്നേഹത്തിന്റെ വഴിയാണ് ബാബ നിങ്ങൾക്ക് പറഞ്ഞുതരുന്നത്, ശ്രീമതം നൽകുന്നു കുട്ടികളേ എല്ലാവരോടും സ്നേഹത്തോടെ പെരുമാറൂ. ആർക്കും ദുഃഖം നൽകരുത്. കർമ്മേന്ദ്രിയങ്ങളിലൂടെ ഒരിക്കലും ഒരു തലതിരിഞ്ഞ കർമ്മവും ചെയ്യരുത്. സദാ പരിശോധിക്കൂ എന്റെയുള്ളിൽ ഒരു ആസുരീയ അവഗുണവും ഇല്ലല്ലോ? വിഷമിച്ച് ഇരിക്കുന്നില്ലല്ലോ? ഒരു കാര്യത്തിലും പിണങ്ങുന്നില്ലല്ലോ?

ഗീതം– ഈ സമയം പോയിക്കൊണ്ടിരിക്കുകയാണ്...............

**ഓം ശാന്തി**. മധുര മധുരമായ ആത്മീയ കുട്ടികൾ ഗീതം കേട്ടു. ദിനംപ്രതി ദിനം തന്റെ വീട് അഥവാ ലക്ഷ്യം അടുത്തു വന്നു കൊണ്ടിരിക്കുന്നു. ഇപ്പോൾ ശ്രീമതത്തിൽ എന്തെല്ലാം പറയുന്നുവോ അതിൽ തെറ്റ് ചെയ്യരുത്. ബാബയുടെ നിർദേശം ലഭിക്കുന്നു എല്ലാവർക്കും സന്ദേശമെത്തിക്കൂ. കുട്ടികൾക്കറിയാം ലക്ഷങ്ങൾക്ക്, കോടിക്കണക്കിന് ആളുകൾക്ക് ഈ സന്ദേശം നൽകണം. പിന്നീട് ഏതെങ്കിലും സമയത്തിൽ വരുകയും ചെയ്യും. എപ്പോൾ ഒരുപാടുപേർ ആവുന്നോ അപ്പോൾ ധാരാളം പേർക്ക് സന്ദേശം നൽകും. എല്ലാവർക്കും അച്ഛന്റെ സന്ദേശം ലഭിക്കണം. സന്ദേശം വളരെ സഹജമാണ്. കേവലം ഇത്രയേ പറയേണ്ടു സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ പിന്നെ ഒരു കർമ്മേന്ദ്രിയത്തിലൂടെയും മനസാ–വാചാ– കർമ്മണാ ഒരു മോശമായ കാര്യവും ചെയ്യരുത്. ആദ്യം മനസ്സിലാണ് വരുന്നത് പിന്നീടാണ് വാക്കുകളാവുന്നത്. ഇപ്പോൾ നിങ്ങൾക്ക് ശരിയും തെറ്റും മനസ്സിലാക്കുന്നതിനുള്ള ബുദ്ധിവേണം, ഇത് പുണ്യത്തിന്റെ കാര്യമാണ്, ഇത് ചെയ്യേണ്ടതാണ് എന്നിങ്ങനെ മനസ്സിലാക്കണം. മനസ്സിൽ ദേഷ്യത്തിന്റെ സങ്കൽപം വരുന്നു, ഇപ്പോൾ ബുദ്ധി ലഭിച്ചിട്ടുണ്ട്– അഥവാ ദേഷ്യപ്പെട്ടാൽ പാപമാകും. ബാബയെ ഓർമ്മിക്കുന്നതിലൂടെ പുണ്യാത്മാവായി മാറും. ഇപ്പോൾ സംഭവിച്ചു സാരമില്ല ഇനിയുണ്ടാകില്ല എന്നല്ല. ഇങ്ങനെ വീണ്ടും വീണ്ടും പറയുന്നതിലൂടെ ശീലമാകും. മനുഷ്യർ ഇങ്ങനെയുള്ള കർമ്മങ്ങൾ ചെയ്യുമ്പോൾ അത് പാപമല്ല എന്നാണ് കരുതുന്നത്. വികാരത്തെ പാപമാണ് എന്ന് മനസ്സിലാക്കുന്നില്ല. ഇപ്പോൾ ബാബ മനസ്സിലാക്കിത്തരുന്നു– ഇത് വലുതിലും വലിയ പാപമാണ്, ഇതിനുമേൽ വിജയം നേടണം പിന്നെ എല്ലാവർക്കും ബാബയുടെ സന്ദേശം എത്തിക്കണം അതായത് ബാബ പറയുന്നു എന്നെ ഓർമ്മിക്കൂ, മരണം മുന്നിൽ നിൽക്കുന്നുണ്ട്. എപ്പോഴാണോ ആരെങ്കിലും മരണശയ്യയിലാവുന്നത് അപ്പോൾ അവരോട് പറയാറുണ്ട്– ഗോഡ്ഫാദറെ ഓർമ്മിക്കൂ. റിമെമ്പർ ഗോഡ് ഫാദർ. ഇവർ ഗോഡ്ഫാദറിന്റെ അടുത്തേക്ക് പോകും എന്നാണ് അവർ കരുതുന്നത്. പക്ഷേ അവർക്ക് ഗോഡ്ഫാദറെ ഓർമ്മിക്കുന്നതുകൊണ്ട് എന്താണ് സംഭവിക്കുക? എവിടേക്ക് പോകും? എന്നത് അറിയില്ല. ആത്മാവ് ഒരു ശരീരം ഉപേക്ഷിച്ച് അടുത്തത് എടുക്കും. ഗോഡ്ഫാദറിന്റെ അടുത്തേക്ക് ആർക്കും പോകാൻ കഴിയില്ല. അതിനാൽ ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് അവിനാശിയായ അച്ഛന്റെ അവിനാശിയായ ഓർമ്മ ആവശ്യമാണ്. എപ്പോൾ തമോപ്രധാനവും ദുഃഖിയുമായി മാറുന്നുവോ അപ്പോൾ പരസ്പരം പറയാറുണ്ട് ഗോഡ്ഫാദറിനെ ഓർമ്മിക്കൂ, എല്ലാ ആത്മാക്കളും പരസ്പരം പറയുന്നു, പറയുന്നത് ആത്മാവുതന്നെയല്ലേ. പരമാത്മാവാണ് പറയുന്നത് ഇങ്ങനെയല്ല. ആത്മാവ്, ആത്മാവിനോട് പറയുന്നു– അച്ഛനെ ഓർമ്മിക്കൂ. ഇത് ഒരു സാധാരണ ആചാരമാണ്. മരിക്കുന്ന സമയത്ത് ഈശ്വരനെ ഓർമ്മിക്കുന്നു. ഈശ്വരനെ പേടിയുണ്ടാകും. മനസ്സിലാക്കുന്നു നല്ലതും മോശവുമായ കർമ്മങ്ങളുടെ ഫലം ഈശ്വരനാണ് നൽകുന്നത്, മോശമായ കർമ്മം ചെയ്താൽ ഈശ്വരൻ ധർമ്മരാജനിലൂടെ വളരെ അധികം ശിക്ഷകൾ നൽകും അതിനാൽ പേടിയുണ്ടാകും, തീർച്ചയായും കർമ്മഫലം അനുഭവിക്കുകതന്നെ വേണമല്ലോ. നിങ്ങൾ കുട്ടികൾ ഇപ്പോൾ കർമ്മം– അകർമ്മം– വികർമ്മം എന്നിവയുടെ ഗതിയെ മനസ്സിലാക്കുന്നു. അറിയാം ഈ കർമ്മം അകർമ്മമാണ്. ഓർമ്മയിലിരുന്ന് എന്ത് കർമ്മം ചെയ്യുന്നുവോ അത് നല്ലതാണ്. രാവണരാജ്യത്തിൽ മനുഷ്യർ മോശമായ കർമ്മം തന്നെയാണ് ചെയ്യുന്നത്. രാമരാജ്യത്തിൽ മോശമായ കർമ്മങ്ങൾ ഒരിക്കലും ഉണ്ടാകുന്നില്ല. ഇപ്പോൾ ശ്രീമതം ലഭിക്കുന്നുണ്ട്. എവിടെയാണ് വിളി വരുന്നത്, ഇത് ചെയ്യാമോ അത് ചെയ്യാമോ എന്ന് ഓരോ കാര്യത്തിലും ചോദിച്ചുകൊണ്ടിരിക്കൂ. അഥവാ ഒരാൾ പോലീസിന്റെ ജോലി ചെയ്യുകയാണെന്ന് കരുതൂ അവരോടും പറയുന്നത് നിങ്ങൾ സ്നേഹത്തോടെ ആദ്യം മനസ്സിലാക്കിക്കൊടുക്കൂ എന്നാണ്. സമ്മതിച്ചി

ല്ലെങ്കിൽ പിന്നെ അടി തുടങ്ങും. സ്നേഹത്തോടെ മനസ്സിലാക്കിക്കൊടുത്താൽ കാര്യം കൈയ്യിൽ വരും എങ്കിൽ ആ സ്നേഹത്തിൽ യോഗബലം കൂടി നിറഞ്ഞിട്ടുണ്ടെങ്കിൽ ആ സ്നേഹത്തിന്റെ ശക്തിയോടെ ആർക്ക് മനസ്സിലാക്കിക്കൊടുത്താലും മനസ്സിലാക്കും, ഇത് ഭഗവാൻ മനസ്സിലാക്കിത്തരുന്നതുപോലെയുണ്ട്. നിങ്ങൾ ഭഗവാന്റെ കുട്ടികൾ യോഗികളല്ലേ. നിങ്ങളിലും ഈശ്വരന്റെ ശക്തിയുണ്ട്. ഈശ്വരൻ സ്നേഹസാഗരനാണ്, അവരിൽ ശക്തിയുണ്ടല്ലോ. എല്ലാവർക്കും സമ്പത്ത് നൽകുന്നു. നിങ്ങൾക്കറിയാം സ്വർഗ്ഗത്തിൽ വളരെയധികം സ്നേഹമുണ്ടാകും. ഇപ്പോൾ നിങ്ങൾ സ്നേഹത്തിന്റെ മുഴുവൻ സമ്പത്തും നേടുന്നു. എടുത്തെടുത്ത് നമ്പർവൈസ് ആയി പുരുഷാർത്ഥം ചെയ്ത് സ്നേഹിയായി മാറും.

ബാബ പറയുന്നു– ആർക്കും ദുഃഖം നൽകരുത്, ഇല്ലെങ്കിൽ ദുഃഖിയായി മരിക്കും. ബാബ സ്നേഹത്തിന്റെ വഴിയാണ് പറഞ്ഞുതരുന്നത്. മനസ്സിൽ ഉണ്ടാകുമ്പോൾ അത് മുഖത്തിൽ വരും. കർമ്മേന്ദ്രിയങ്ങളിലൂടെ ചെയ്താൽ അത് രജിസ്റ്ററിനെ മോശമാക്കും. ദേവതകളുടെ പെരുമാറ്റത്തെക്കുറിച്ച് പാടാറുണ്ടല്ലോ അതിനാൽ ബാബ പറയുന്നു– ദേവതകളുടെ പൂജാരിമാർക്ക് മനസ്സിലാക്കിക്കൊടുക്കൂ. അവർ മഹിമ പാടുന്നു അങ്ങ് സമ്പൂർണ്ണ സമ്പന്നനും 16 കലാ സമ്പൂർണ്ണനുമാണ് പിന്നീട് തന്റെ പെരുമാറ്റത്തെക്കുറിച്ചും കേൾപ്പിക്കുന്നു. അതിനാൽ അവർക്ക് മനസ്സിലാക്കിക്കൊടുക്കൂ നിങ്ങൾ ഇങ്ങനെയായിരുന്നു, ഇപ്പോൾ അങ്ങനെയല്ല പിന്നീട് തീർച്ചയായും ആകും. നിങ്ങൾക്ക് ഇങ്ങനെയുള്ള ദേവതയായി മാറണം അതിനാൽ തന്റെ പെരുമാറ്റത്തെ ഇങ്ങനെയാക്കൂ, എങ്കിൽ നിങ്ങൾ ഇതായി മാറും. തന്റെ പരിശോധന നടത്തണം– ഞാൻ സമ്പൂർണ്ണ നിർവ്വികാരിയാണോ? എന്റെയുള്ളിൽ ഒരു ആസുരീയ അവഗുണവും ഇല്ലല്ലോ? ഒരു കാര്യത്തിലും പിണങ്ങുന്നില്ലല്ലോ? വിഷമിച്ചിരിക്കുന്നില്ലല്ലോ? അനേകം തവണ നിങ്ങൾ പുരുഷാർത്ഥം ചെയ്തിട്ടുണ്ട്. ബാബ പറയുന്നു നിങ്ങൾക്ക് ഇങ്ങനെയായി മാറണം. ആക്കിമാറ്റുന്നയാളും ഹാജരാണ്. പറയുന്നു കൽപ കൽപം ഇങ്ങനെയാക്കി മാറ്റുന്നു. കൽപം മുൻപ് ആര് വന്ന് ജ്ഞാനം എടുത്തുവോ അവർ തീർച്ചയായും വന്ന് എടുക്കും. പുരുഷാർത്ഥവും ചെയ്യിക്കുന്നു എന്നിട്ട് ചിന്തയില്ലാതെയും ഇരിക്കുന്നു. ഡ്രാമയിൽ ഇങ്ങനെയാണുള്ളത്. ചിലർ പറയുന്നു– ഡ്രാമയിൽ ഉള്ളതാണെങ്കിൽ തീർച്ചയായും ചെയ്യും. നല്ല ചാർട്ടാണെങ്കിൽ ഡ്രാമ ചെയ്യിക്കും. അവരുടെ ഭാഗ്യത്തിലില്ല എന്നത് മനസ്സിലാക്കാൻ സാധിക്കും. ആദ്യമാദ്യം ഒരാൾ ഇതുപോലെ കേടുവന്നിട്ടുണ്ട്, ഭാഗ്യത്തിൽ ഇല്ലായിരുന്നു– പറഞ്ഞു ഡ്രാമയിൽ ഉണ്ടെങ്കിൽ ഡ്രാമ ഞങ്ങളെ പുരുഷാർത്ഥം ചെയ്യിക്കും. ഉപേക്ഷിച്ച് പോയി. ഇങ്ങനെ ഒരുപാടുപേരെ നിങ്ങളും കാണും. നിങ്ങളുടെ ലക്ഷ്യം ഇവിടെ നിൽക്കുന്നുണ്ട്, ബാഡ്ജും നിങ്ങളുടെ പക്കലുണ്ട്, നിങ്ങൾ കണക്ക് വഴക്കുകൾ നോക്കുമ്പോൾ നിങ്ങളുടെ ബാഡ്ജും നോക്കൂ, തന്റെ പെരുമാറ്റവും നോക്കൂ. ഒരിക്കലും ക്രിമിനലായ കണ്ണുകൾ ഉണ്ടാകരുത്. വായിൽ നിന്നും മോശമായ ഒരു വാക്കും വരരുത്. അവരും പ്രാലബ്ധം ബാബയിലൂടെ തന്നെയാണ് നേടിയത്. ഇത് എല്ലാവരോടും പറയൂ അതായത് ബാബയെ ഓർമ്മിക്കൂ എങ്കിൽ വികർമ്മം വിനാശമാകും. ഇതിൽ നഷ്ടത്തിന്റെ ഒരു കാര്യവുമില്ല. സംസ്ക്കാരം ആത്മാവ് കൊണ്ടുപോകും. സന്യാസിയാണെങ്കിൽ പിന്നീട് സന്യാസധർമ്മത്തിലേക്ക് വരും. അവരുടെ വൃക്ഷം വളർന്നുകൊണ്ടിരിക്കുന്നില്ലേ. ഈ സമയം നിങ്ങൾ മാറുകയാണ്. മനുഷ്യൻ തന്നെയാണ് ദേവതയായി മാറുന്നത്. എല്ലാവരും ഒരുമിച്ച് വരില്ലല്ലോ. വരും പക്ഷേ നമ്പർവൈസ് ആയാണ് വരുക, ഡ്രാമയിൽ സമയാനുസൃതമല്ലാതെ ഒരു അഭിനേതാവിന് സ്റ്റേജിലേക്ക് വരാൻ കഴിയുമോ. ഉള്ളിൽ ഇരിക്കും. എപ്പോൾ സമയമാകുന്നുവോ അപ്പോൾ പാർട്ട് അഭിനയിക്കാനായി സ്റ്റേജിലേക്ക് വരും. അത് പരിധിയുള്ള നാടകമാണ്, ഇത് പരിധിയില്ലാത്ത നാടകമാണ്. ബുദ്ധിയിലുണ്ട് നമ്മൾ അഭിനേതാക്കൾക്ക് നമ്മുടെ സമയാനുസരണം വന്ന് നമ്മുടെ പാർട്ട് അഭിനയിക്കണം. ഇത് പരിധിയില്ലാത്ത വളരെ വലിയ വൃക്ഷമാണ്. നമ്പർവൈസ് ആയി വരുകയും പോവുകയും ചെയ്യും. ആദ്യമാദ്യം ഒരേയൊരു ധർമ്മം മാത്രമാണ് ഉണ്ടായിരുന്നത് എല്ലാ ധർമ്മത്തിനും ആദ്യം തന്നെ വരാൻ കഴിയില്ല.

ആദ്യം ദേവീ ദേവതാ ധർമ്മത്തിലുള്ളവരാണ് പാർട്ട് അഭിനയിക്കാനായി വരുന്നത്, അതും നമ്പർവൈസ് ആയി. വൃക്ഷത്തിന്റെ രഹസ്യവും മനസ്സിലാക്കണം. ബാബ തന്നെയാണ് വന്ന് മുഴുവൻ കൽപവൃക്ഷത്തിന്റേയും ജ്ഞാനം കേൾപ്പിക്കുന്നത്. ഇതിനെ പിന്നീട് നിരാകാരീ വൃക്ഷവുമായി താരതമ്യം ചെയ്യുന്നു. ഒരേയൊരു ബാബ തന്നെയാണ് പറയുന്നത് മനുഷ്യസൃഷ്ടി വൃക്ഷത്തിന്റെ ബീജം ഞാൻ തന്നെയാണ്. ബീജത്തിൽ വൃക്ഷം അടങ്ങിയിട്ടില്ല പക്ഷേ മുഴുവൻ വൃക്ഷത്തിന്റേയും ജ്ഞാനം അടങ്ങിയിട്ടുണ്ട്. ഓരോരുത്തർക്കും അവരവരുടേതായ പാർട്ടുണ്ട്. ചൈതന്യവൃക്ഷമല്ലേ. വൃക്ഷത്തിലെ ഇലകളും നമ്പർവൈസ് ആയാണ് വിരിയുന്നത്. ഈ വൃക്ഷത്തെ ആരും മനസ്സിലാക്കുന്നില്ല, ഇതിന്റെ ബീജം മുകളിലാണ് അതിനാലാണ് ഇതിനെ തലതിരിഞ്ഞ വൃക്ഷം എന്ന് പറയുന്നത്. രചയിതാവായ ബാബ മുകളിലാണ്. നിങ്ങൾക്ക് അറിയാം നമുക്ക് വീട്ടിലേക്ക് പോകണം, അവിടെയാണ് ആത്മാക്കൾ വസിക്കുന്നത്. ഇപ്പോൾ നമുക്ക് പവിത്രമായി പോകണം. നിങ്ങളിലൂടെ യോഗബലത്താൽ മുഴുവൻ വിശ്വവും പവിത്രമായി മാറും.

നിങ്ങൾക്കായി പവിത്രമായ സൃഷ്ടി ആവശ്യമാണല്ലോ. നിങ്ങൾ പവിത്രമായി മാറുമ്പോൾ ലോകത്തേയും പവിത്രമാക്കേണ്ടതായി വരുന്നു. എല്ലാം പവിത്രമായി മാറും. നിങ്ങളുടെ ബുദ്ധിയിലുണ്ട്, ആത്മാവിൽ തന്നെയാണല്ലോ മനസ്സും ബുദ്ധിയുമുള്ളത്. ചൈതന്യമാണ്. ആത്മാവിനുമാത്രമേ ജ്ഞാനം ധാരണ ചെയ്യാൻ സാധിക്കൂ. അതിനാൽ മധുര മധുരമായ കുട്ടികൾ എങ്ങനെയാണ് നമ്മൾ പുനർജന്മം എടുക്കുന്നത് എന്ന മുഴുവൻ രഹസ്യവും ബുദ്ധിയിൽ വെക്കണം. നിങ്ങളുടെ 84 ജന്മങ്ങൾ പൂർത്തിയാകുമ്പോൾ എല്ലാവരുടേതും പൂർത്തിയാകും. എല്ലാവരും പാവനമായി മാറും. ഇത് അനാദിയായിട്ടുള്ള ഡ്രാമയാണ്. ഒരു സെക്കന്റു പോലും നിൽക്കുന്നില്ല. സെക്കന്റ് ബൈ സെക്കന്റ് എന്തെല്ലാം സംഭവിക്കുന്നുണ്ടോ അതെല്ലാം കൽപത്തിന് ശേഷവും ഉണ്ടാകും. ഓരോ ആത്മാവിലും അവിനാശിയായ പാർട്ട് അടങ്ങിയിട്ടുണ്ട്. ആ അഭിനേതാക്കൾ 2-4 മണിക്കൂർ അഭിനയിക്കുന്നു. ഇവിടെയാണെങ്കിൽ ആത്മാവിന് അവിനാശിയായ പാർട്ട് ലഭിച്ചിരിക്കുകയാണ് എങ്കിൽ കുട്ടികൾക്ക് എത്ര സന്തോഷമുണ്ടാകണം. സംഗമത്തിലെ അതീന്ദ്രിയസുഖമാണ് മുഴുവനായും പാടപ്പെട്ടിരിക്കുന്നത്. ബാബ വരുന്നു, 21 ജന്മങ്ങളിലേക്ക് നമ്മൾ സദാ സുഖിയായി മാറുന്നു. സന്തോഷത്തിന്റെ കാര്യമല്ലേ. ആരാണോ നല്ലരീതിയിൽ മനസ്സിലാക്കുകയും മനസ്സിലാക്കിക്കൊടുക്കുകയും ചെയ്യുന്നത് അവർ സേവനത്തിൽ മുഴുകും. ഏതെങ്കിലും കുട്ടി സ്വയം ക്രോധിയാണെങ്കിൽ അത് മറ്റുള്ളവരിലേക്കും പ്രവേശിക്കും. രണ്ട് കൈകൾ ഒരുമിക്കുമ്പോഴാണല്ലോ ശബ്ദമുണ്ടാകുന്നത്. അവിടെ ഇങ്ങനെ സംഭവിക്കില്ല. ഇവിടെ നിങ്ങൾ കുട്ടികൾക്ക് പഠിപ്പ് ലഭിക്കുന്നുണ്ട്- ആരെങ്കിലും ക്രോധിക്കുകയാണെങ്കിൽ നിങ്ങൾ അവർക്കുമേൽ പുഷ്പവൃഷ്ടി നടത്തൂ. സ്നേഹത്തോടെ മനസ്സിലാക്കിക്കൊടുക്കൂ. ഇതും ഒരു ഭൂതമാണ്, വളരെ അധികം നഷ്ടമുണ്ടാക്കിവെക്കും. ഒരിക്കലും ക്രോധിക്കരുത്. പഠിപ്പിക്കുന്നവരിലും ക്രോധം തീരെ ഉണ്ടാവാൻ പാടില്ല. നമ്പർവൈസ് ആയി പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കുന്നു. ചിലരുടേത് തീവ്രപുരുഷാർത്ഥമായിരിക്കും, ചിലരുടേത് തണുത്തതായിരിക്കും. തണുപ്പൻ പുരുഷാർത്ഥം ചെയ്യുന്നവർ തീർച്ചയായും തന്റെ പേര് മോശമാക്കും. ആരെങ്കിലും ക്രോധിക്കുകയാണെങ്കിൽ അവർ എവിടെപ്പോയാലും അവരെ അവിടെ നിന്ന് പുറത്താക്കും. മോശമായ പെരുമാറ്റമുള്ള ആർക്കും ഇവിടെ ഇരിക്കാൻ സാധിക്കില്ല. പരീക്ഷ പൂർത്തിയാവുമ്പോൾ എല്ലാവർക്കും അറിയാൻ കഴിയും. ആര് ആരെല്ലാം എന്താകും, എല്ലാ സാക്ഷാത്ക്കാരവും ഉണ്ടാകും. ആര് എങ്ങനെയുള്ള കർമ്മമാണോ ചെയ്യുന്നത് അതിനനുസരിച്ചുള്ള മഹിമയുണ്ടാകും.

നിങ്ങൾ കുട്ടികൾക്ക് ഡ്രാമയുടെ ആദി- മദ്ധ്യ- അന്ത്യം അറിയാം. നിങ്ങൾ എല്ലാവരും എല്ലാം അറിയുന്നവരാണ്. ആത്മാവിന് ഈ സൃഷ്ടിചക്രം എങ്ങനെയാണ് കറങ്ങുന്നതെന്ന് ഉള്ളിൽ അറിയാം. മുഴുവൻ സൃഷ്ടിയിലേയും മനുഷ്യരുടെ പെരുമാറ്റം രീതികൾ, എല്ലാ ധർമ്മത്തിലുള്ളവരേയും നിങ്ങൾക്ക് അറിയാം. അതിനെയാണ് അന്തർയാമി എന്നു പറയുന്നത്. ആത്മാവിന് എല്ലാം അറിയാൻ കഴിയും. ഭഗവാൻ ഓരോ കണങ്ങളിലും ഉണ്ട്, ആ ഭഗവാന് അറിയേണ്ട കാര്യം എന്താണ്? എന്നല്ല. ഭഗവാൻ ഇപ്പോഴും പറയുന്നു ആര് എങ്ങനെയുള്ള പുരുഷാർത്ഥം ചെയ്യുന്നുവോ അതിനുള്ള ഫലം ലഭിക്കും. എനിക്ക് അറിയേണ്ട ആവശ്യമില്ല. എന്താണോ ചെയ്യുന്നത് അതിന്റെ ശിക്ഷയും സ്വയം നേടും. ഇങ്ങനെയുള്ള പെരുമാറ്റമാണെങ്കിൽ മോശമായ ഗതി നേടും. പദവി വളരെ കുറഞ്ഞുപോകും, ആ സ്ക്കൂളിലാണെങ്കിൽ തോറ്റാൽ അടുത്ത വർഷം വീണ്ടും പഠിക്കാം. എന്നാൽ ഈ പഠിപ്പ് കൽപ കൽപാന്തരങ്ങളിലേക്കുള്ളതാണ്. ഈശ്വരീയ ലോട്ടറി പൂർണ്ണമായും എടുക്കണമല്ലോ. ഈ കാര്യങ്ങൾ നിങ്ങൾ കുട്ടികൾക്ക് മനസ്സിലാക്കാൻ സാധിക്കും. എപ്പോൾ ഭാരതം സുഖധാമമാകുന്നുവോ അപ്പോൾ ബാക്കി മുഴുവൻ പേരും ശാന്തിധാമത്തിലായിരിക്കും. ഇപ്പോൾ നമ്മുടെ സുഖത്തിന്റെ ദിനങ്ങൾ വരുകയാണ് അതിനാൽ കുട്ടികൾ വളരെ അധികം സന്തോഷിക്കണം. ദീപാവലി അടുത്തുവരാറായാൽ പറയാറുണ്ടല്ലോ ഇനി ഇത്ര ദിവസമേയുള്ളു അതു കഴിഞ്ഞാൽ പുതിയ വസ്ത്രം ധരിക്കും. നിങ്ങളും പറയുന്നു സ്വർഗ്ഗം വരുകയാണ്, നമ്മൾ നമ്മുടെ അലങ്കാരം ചെയ്താൽ പിന്നീട് സ്വർഗ്ഗത്തിൽ വളരെ അധികം സുഖം ലഭിക്കും. ധനവാന്മാർക്കാണെങ്കിൽ ധനത്തിന്റെ ലഹരിയുണ്ടാകും. മനുഷ്യർ തീർത്തും അന്ധകാരത്തിന്റെ നിദ്രയിലാണ് പിന്നീട് പെട്ടെന്ന് മനസ്സിലാകും- ഇവർ പറയുന്നത് സത്യമാണ്. സത്യവുമായുള്ള സംഗമുണ്ടാകുമ്പോഴേ സത്യത്തെ മനസ്സിലാക്കുകയുള്ളു. നിങ്ങൾ ഇപ്പോൾ സത്യത്തിന്റെ സംഗത്തിലാണ്. നിങ്ങൾ സത്യമായ ബാബയിലൂടെ സത്യമായി മാറുന്നു. അവർ അസത്യതയിലൂടെ അസത്യമായി മാറുന്നു. ഇപ്പോൾ ഭഗവാൻ എന്താണ് പറയുന്നത്, മനുഷ്യർ എന്താണ് പറയുന്നത് എന്ന വ്യത്യാസവും അച്ചടിക്കുന്നുണ്ട്. മാഗസിനിലും അച്ചടിക്കാൻ സാധിക്കും. അവസാനം വിജയം നിങ്ങളുടേത് തന്നെയാണ്, ആരാണോ കൽപം മുമ്പ് പദവി നേടിയത് അവർ തീർച്ചയായും നേടും. ഇത് നിശ്ചിതമാണ്. അവിടെ അകാലമൃത്യു ഉണ്ടാവുകയില്ല. ആയുസ്സും വളരെ കൂടുതലായിരിക്കും. എപ്പോഴാണോ പവിത്രതയുണ്ടായിരുന്നത് അപ്പോൾ ആയുസ്സും കൂടുതലായിരുന്നു. പതീത പാവനൻ പരമപിതാവായ പരമാത്മാവാണെങ്കിൽ തീർച്ചയായും അവർ തന്നെയായിരിക്കും പാവനമാക്കി മാറ്റിയത്. കൃഷ്ണന്റെ കാര്യം ശോഭിക്കുന്നതല്ല. പുരുഷോത്തമ സംഗമയുഗത്തിൽ

കൃഷ്ണൻ വീണ്ടും എവിടെ നിന്ന് വരും. അതേ ഫീച്ചേഴ്സുള്ള മനുഷ്യൻ പിന്നീട് ഉണ്ടാവുകയില്ല. 84 ജന്മങ്ങൾ, 84 രൂപങ്ങൾ, 84 കർത്തവ്യങ്ങളായിരിക്കും– ഇത് പൂർവ്വനിശ്ചിതമായ അനശ്വരമായ കളിയാണ്. അതിൽ വ്യത്യാസം ഉണ്ടാവുക സാധ്യമല്ല. ഡ്രാമ എത്ര അത്ഭുതകരമായാണ് നിർമ്മിച്ചിരിക്കുന്നത്. ആത്മാവ് ചെറിയ ബിന്ദുവാണ്, ഇതിൽ അനാദിയായ പാർട്ട് അടങ്ങിയിട്ടുണ്ട്– ഇതിനെയാണ് പ്രകൃതി എന്നു പറയുന്നത്. മനുഷ്യർ കേട്ട് അത്ഭുതപ്പെടുന്നു. പക്ഷേ ആദ്യം എല്ലാവർക്കും ഈ സന്ദേശം നൽകണം അതായത് ബാബയെ ഓർമ്മിക്കൂ. ബാബ തന്നെയാണ് പതിത പാവനൻ, സർവ്വരുടേയും സദ്ഗതി ദാതാവ്. സത്യയുഗത്തിൽ ദുഃഖിപ്പിക്കുന്ന ഒരു കാര്യവും ഉണ്ടാകില്ല. കലിയുഗത്തിലാണെങ്കിൽ എത്ര ദുഃഖമാണ്. പക്ഷേ ഈ കാര്യങ്ങൾ നമ്പർവൈസ് ആയാണ് മനസ്സിലാക്കുന്നത്. ബാബയാണെങ്കിൽ ദിവസവും മനസ്സിലാക്കിത്തന്നുകൊണ്ടിരിക്കുന്നു. നിങ്ങൾ കുട്ടികൾക്ക് അറിയാം നമ്മെ പഠിപ്പിക്കാനായി ശിവബാബ വന്നിരിക്കുന്നു, പിന്നീട് നമ്മളെ കൂടെക്കൊണ്ടുപോവുകയും ചെയ്യും. കൂടെ ഇരിക്കുന്നവരേക്കാൾ വീട്ടിൽ ബന്ധനസ്ഥരായവർ ഓർമ്മിക്കുന്നുണ്ട്. അവർക്ക് ഉയർന്ന പദവി നേടാൻ സാധിക്കും. ഇതും മനസ്സിലാക്കേണ്ട കാര്യമാണല്ലോ. ബാബയുടെ ഓർമ്മയിൽ വളരെ അധികം പിടയുന്നു. ബാബ പറയുന്നു കുട്ടികളേ ഓർമ്മയുടെ യാത്രയിൽ ഇരിക്കൂ, ദൈവീക ഗുണങ്ങളും ധാരണ ചെയ്യൂ  എങ്കിൽ ബന്ധനം മുറിയും. പാപത്തിന്റെ കുടം കാലിയാകും. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണക്കുള്ള  മുഖ്യസാരം–

1). തന്റെ പെരുമാറ്റവും രീതികളും ദേവതകളുടേതുപോലെയാക്കണം. ഒരു മോശമായ വാക്കും മുഖത്തിലൂടെ വരരുത്. ഈ കണ്ണുകൾ ഒരിക്കലും ക്രിമിനലാവരുത്.

2). കൈകൾ രണ്ടും ചേരുമ്പോഴാണ് ശബ്ദമുണ്ടാകുന്നത് അതിനാൽ ആരെങ്കിലും ക്രോധിക്കുകയാണെങ്കിൽ മാറി നിൽക്കണം, അവർക്ക് സ്നേഹത്തോടെ മനസ്സിലാക്കിക്കൊടുക്കണം.

## വരദാനം– ത്യാഗം, തപസ്യ, സേവാഭാവം എന്നീ വിധികളിലൂടെ സദാ സഫലതാസ്വരൂപമായി ഭവിക്കട്ടെ.

ത്യാഗവും തപസ്യയും തന്നെയാണ് സഫലതയുടെ ആധാരം.ത്യാഗഭാവനയുള്ളവർ സത്യമായ സേവാധാരിയായി മാറുന്നതാണ്.ത്യാഗത്തിലൂടെതന്നെയാണ് സ്വയത്തിന്റെയും മറ്റുള്ളവരുടേയും ഭാഗ്യമുണ്ടാകുന്നത്.ദൃഢസങ്കൽപം ചെയ്യുന്നതുതന്നെയാണ് തപസ്യ. അതിനാൽ ത്യാഗം, തപസ്യ, സേവാഭാവം എന്നിവയിലൂടെ പരിധിയുള്ള അനേകം കാര്യങ്ങൾ സമാപ്തമാകുന്നു.സംഘടന ശക്തിശാലിയാകുന്നു.ഒരാൾ പറഞ്ഞു,മറ്റേയാൾ ചെയ്തു.ഞാൻ നീ, എന്റെ നിന്റെ എന്നിവ വരാതിരുന്നാൽ സഫലതാസ്വരൂപവും നിർവിഘ്നവുമായി മാറാം.

## സ്ലോഗൻ– സങ്കൽപത്തിൽ പോലും ആർക്കും ദുഃഖം കൊടുക്കാതിരിക്കുന്നതുതന്നെയാണ് സമ്പൂർണ്ണമായ അഹിംസ.

**അവ്യക്തസൂചന– ഇപ്പോൾ സ്നേഹത്തിന്റെ അഗ്നിയെ ജ്വലിപ്പിച്ച് യോഗത്തെ ജ്വാലാസ്വരൂപമാക്കി മാറ്റൂ.** യോഗത്തെ ജ്വാലാസ്വരൂപമാക്കി മാറ്റാനായി സെക്കന്റിൽ ബിന്ദുസ്വരൂപമായി മനസ്സിനേയും ബുദ്ധിയെയും ഏകാഗ്രമാക്കുന്നതിനുള്ള അഭ്യാസം  പലതവണ ചെയ്യണം സ്റ്റോപ്പ് എന്നു പറഞ്ഞാൽ ഉടൻ സെക്കന്റിൽ വ്യർത്ഥമായ ദേഹാഭിമാനത്തിൽ നിന്നും മനസ്സും ബുദ്ധിയും ഏകാഗ്രമാകണം. ഇങ്ങിനെയുള്ള കൺട്രോളിങ്ങ് പവർ മുഴുവൻ ദിവസവും ഉപയോഗിക്കൂ. പവർഫുൾ ആയ ബ്രേക്കിലൂടെ മനസ്സിനേയും ബുദ്ധിയായും കൺട്രോൾ ചെയ്യുക. എവിടെയാണോ മനസ്സിനേയും ബുദ്ധിയേയും ഏകാഗ്രമാക്കേണ്ടത് അവിടെ നിർത്താനാകണം.